(ബി) കെട്ടിടം പണിയുന്നതിന് ടെൻഡർ നൽകിയിട്ടും പണി നടക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ബുദ്ധിമുട്ട് മൂലം പുതിയ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്.

(സി) സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി പുതുക്കിയ മുൻഗണനാ പട്ടികയിൽ പ്രസ്തുത സ്കൂളും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനപ്രകാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

കൂക്കാനം ഗവ: എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

75 [154] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൂക്കാനം ഗവ: എൽ. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

അർഹതയുള്ള വിദ്യാർത്ഥികളെ മനഃപൂർവ്വം തോൽപ്പിക്കുന്നതിനെതിരെ നടപടി

76 [155] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജയിക്കാൻ പൂർണ്ണമായി അർഹതയുള്ള വിദ്യാർത്ഥികളെ അറിഞ്ഞുകൊണ്ട് മനഃപൂർവ്വം തോൽപ്പിച്ചാൽ തോൽപ്പിക്കുന്നതിന് ഉത്തരവാദിയായവരുടെ മേൽ നിയമപരമായി നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസവകുപ്പിനോ സർക്കാരിനോ അധികാരമുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അധികാരം ഉപയോഗിച്ച് ആരുടെയെങ്കിലും മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 8 റൂൾ 13 ലും അദ്ധ്യായം 9 റൂൾ 11 (4) ലും അനുശാസിച്ചിരിക്കുന്നപോലെ വിദ്യാഭ്യാസ വകുപ്പും ഗവൺമെന്റും നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കുട്ടി

LIBRARY ARCHIVES Kerala Legislative Assembly